# സ്നേഹിത പ്രവർത്തനം തിരുവനന്തപുരത്തെ സ്കൂളുകളിൽ

ശാരീരികമായ ആരോഗ്യ പ്രശ്നങ്ങളേക്കാൾ ഏറെ ഗുരുതരമാണ് മാനസിക ആരോഗ്യ ത്തെ ബാധിക്കുന്ന അവസ്ഥകളും വെല്ലുവിളികളും. പ്രത്യേകിച്ച് കുട്ടികളിൽ. കേരളത്തി ലെ കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി പരിണമിച്ചതും പഠനത്തിലും പാഠ്യേത ര പ്രവർത്തനങ്ങളിലും തന്റെ കുട്ടി ഒന്നാമതെത്തണമെന്ന് വാശിപിടിക്കുന്ന മാതാപിതാ ക്കൾ നൽകുന്ന സമ്മർദ്ദവും അന്യരിൽ നിന്നോ പലപ്പോഴും ഉറ്റ ബന്ധുക്കളിൽ നിന്നോ വരെ നേരിടേണ്ടി വരുന്ന അതിക്രമങ്ങളുമെല്ലാം ഈ മാനസിക ആരോഗ്യ പ്രശ്നങ്ങ ൾക്ക് ഹേതുവാകുന്നു. തന്റെ പ്രശ്നങ്ങളെല്ലാം ഉള്ളിലൊതുക്കി ജീവിക്കുന്ന ഈ കുട്ടികൾ അതീവ സമ്മർദ്ദത്തിലുമാകുന്നു. ഈ സമ്മർദ്ദം പഠനത്തിലെ പിന്നോക്കാ വസ്ഥ, ശ്രദ്ധക്കുറവ്, ഭക്ഷണം കഴിക്കാനോ ഉറങ്ങാനോ താത്പര്യമില്ലായ്മ, ഒറ്റപ്പെട്ട് നിൽക്കാനുള്ള ശ്രമം എന്നിങ്ങനെയുള്ള വിവിധ മാറ്റങ്ങളായി പുറത്തുവരും. ഇതൊ ന്നും ശ്രദ്ധിക്കാൻ സമയമില്ലാത്ത മാതാപിതാക്കൾ കൂടിയാണെങ്കിൽ ആ കുട്ടിയുടെ മാനസികാവസ്ഥ നാൾക്കുനാൾ വഷളായി ഗുരുതര പ്രശ്നങ്ങളിലേക്കും എത്തിക്കുന്നു. ഇതിന് പുറമേ മോശം കൂട്ടുകെട്ടുകളിൽ ഉൾപ്പെടുന്നത് മൂലം മദ്യപാനം പോലുള്ള വിപത്തുകളിലേക്ക് കുട്ടികൾ നയിക്കപ്പെടുന്നതടക്കമുള്ള പ്രശ്നങ്ങളും സ്കൂൾ വിദ്യാർ ത്ഥികൾ ഉൾപ്പെടെയുള്ള സമൂഹം നേരിടുന്നു.

**<u>കുടുംബശ്രീ സ്നേഹിത</u>**

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും സാന്ത്വനമേകുന്നതിനായി സംസ്ഥാന മൊട്ടാകെ കുടുംബശ്രീ ആരംഭിച്ചിരിക്കുന്ന സംവിധാനമാണ് സ്നേഹിത ജെൻഡർ ഹെൽപ്പ്ഡെസ്ക്ക്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അക്രമങ്ങളെ പ്രതിരോ ധിക്കുകയെന്ന ലക്ഷ്യത്തോടെ വർത്തിക്കുന്ന സ്നേഹിത ഷെൽട്ടർ ഹോം കൂടിയാണ്. അവശ്യ സന്ദർഭങ്ങളിൽ താത്ക്കാലിക താമസ സൗകര്യം ഈ ഷെൽട്ടർ ഹോമുകളിൽ ലഭിക്കും. പരിശീലനം ലഭിച്ച രണ്ട് കൗൺസിലർമാരുടെ സേവനം സ്നേ ഹിതയിലുണ്ട്.

ഇത് കൂടാതെ അഞ്ച് സർവീസ് പ്രൊവൈഡർമാരും ഒരു കെയർ ടേക്ക റും രണ്ട് സെക്യൂരിറ്റി ഉദ്യോഗസ്ഥരും ഒരു ഓഫീസ് അസിസ്റ്റന്റും സ്നേഹിത കേന്ദ്രത്തിൽ സേവനം നൽകി വരുന്നു. ഇവരെല്ലാം സ്ത്രീകളുമാണ്.

സ്നേഹിതയിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസികമായ പിന്തുണ നൽകുന്നതിന് പുറമേ നിയമസഹായം, കൗൺസിലിങ് തുടഹ്ങിയ സേവനങ്ങളുമേകുന്നു. ഫാമിലി കൗൺസിലിങ്, ടെലിഫോൺ കൗൺസിലിങ് എന്നിവയും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമായ സ്നേഹിത വഴി നൽകു ന്നുണ്ട്. ശിശുക്ഷേമ സമിതി, സാമൂഹിക നീതി വകുപ്പ്, പോലീസ് എന്നീ വകുപ്പു കളുമായി സംയോജിച്ചാണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തു ന്നത്. തുടക്കത്തിൽ തിരുവനന്തപുരം, മലപ്പുറം, എറണാകുളം എന്നീ ജില്ലകളി ലായി രുന്നു സ്നേഹിത പ്രവർത്തിച്ചിരുന്നത്. ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ അടുത്ത ഘട്ടത്തിൽ സ്നേഹിതയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2017 അവസാന ത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്നേഹിത പ്രവർത്തനം ആരംഭിച്ചു.

## തിരുവനന്തപുരത്ത് സ്കൂളുകളിൽ സ്നേഹിത ഹെൽപ്പ് ഡെസ്ക്ക്

ജെൻഡർ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തി വരുന്ന ജില്ലകളിലൊന്നാണ് തിരുവനന്തപുരം. പത്ത് വീതം ജെൻഡർ റിസോഴ്സ് സെന്ററുകളും ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി കൗൺസിലിങ് സെന്ററുകളും ജില്ലയിൽ പ്രവർത്തിക്കുന്നു. അഞ്ച് മൈഗ്രേഷൻ സെന്ററുകളുമുണ്ട്. 2013ൽ സ്നേഹിത കേന്ദ്രങ്ങൾക്ക് സംസ്ഥാന തലത്തിൽ തുടക്കമിട്ടപ്പോൾ ആദ്യമായി ഇത്തരമൊരു കേന്ദ്രം ആരംഭിച്ച ജില്ലകളിലൊ ന്നും തിരുവനന്തപുരമായിരുന്നു. 2013 സെപ്റ്റംബർ പത്തിന് സ്നേഹിത തിരുവനന്തപു രത്ത് പ്രവർത്തനം ആരംഭിച്ചു. സ്നേഹിത സേവനങ്ങൾ തേടുന്നതിനായി പ്രത്യേക ടോൾ ഫ്രീ നമ്പറും തിരുവനന്തപുരത്തുണ്ട്.

2018 ഫെബ്രുവരി അവസാനം വരെ തിരുവനന്തപുരം സ്നേഹിത കേന്ദ്രത്തിൽ നേരിട്ട് 519 കേസുകളെത്തി. ടെലഫോൺ വഴി 1287 കേസുകളും സ്നേഹിതയിലെത്തി. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട രണ്ട് കേസുകളും തിരുവനന്തപുരത്തെ സ്നേഹിത കേന്ദ്രത്തിൽ എത്തി. ആകെ 1808 കേസുകൾ. 509 പേർ താത്ക്കാലിക താമസ

സൗകര്യം ഉപയോഗപ്പെടുത്തി. 377 പേർക്ക് കൗൺസിലിങ്ങ് നൽകി. കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 215 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.

## ആശയരൂപീകരണം

28 കമ്മ്യൂണിറ്റി കൗൺസിലർമാരാണ് തിരുവനന്തപുരം ജില്ലയിൽ ജെൻഡർ പ്രവർത്തനങ്ങളുടെ ഭാഗമായി സേവനം നൽകി വരുന്നത്. സ്കൂൾ വിദ്യാർത്ഥികൾ മാനസിക സമ്മർദ്ദമടക്കമുള്ള നിരവധി പ്രശ്നങ്ങൾ നേരിടുന്നുവെന്ന് കമ്മ്യൂണിറ്റി കൗൺസിലർമാർ മനസ്സിലാക്കി. പല സ്കൂളുകളിൽ നിന്നും അധ്യാപകർ തങ്ങളുടെ സ്കൂളുകളിലെ കുട്ടികൾക്ക് കൗൺസിലിങ് നടത്തണമെന്ന ആവശ്യവുമായി കമ്മ്യൂണിറ്റി കൗൺസിലർമാരെ സമീപിക്കുന്നതും പതിവായി. ഇതനുസരിച്ച് 2017 സെപ്റ്റംബറിൽ വിതുര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ തല ഗ്രൂപ്പ് കൗൺസിലിങ് നൽകി. 200 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. ഇങ്ങനെ സ്കൂളിൽ സേവനങ്ങൾ നൽകിയപ്പോൾ ലഭിച്ച ഫലങ്ങളും കൗൺസിലിങ് സേവനങ്ങൾക്കായുള്ള ആവശ്യങ്ങളുമെല്ലാം ചേർന്ന ഒരു സാഹചര്യമാണ് സ്കൂളുകൾ കേന്ദ്രീകരിച്ച് സ്നേഹിതയുടെ വിവിധ സേവനങ്ങൾ നൽകുക എന്ന ആശയം ഉരുത്തിരിഞ്ഞുവരാൻ കാരണം.

## പ്രാരംഭ പ്രവർത്തനങ്ങൾ

ഇങ്ങനെയൊരു ആശയം രൂപപ്പെട്ട് വന്നതോടെ ജില്ലാ മിഷൻ കോർഡിനേറ്ററും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് ഇതേക്കുറിച്ച് ചർച്ചകൾ നടത്തി. സ്നേഹിത കേന്ദ്രത്തിലെ ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്ക്ക് സ്കൂളുകളിൽ ആരംഭിക്കാമെന്ന തീരുമാനത്തിലെത്തി. 2017 ഒക്ടോബർ മാസത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. ജില്ലാ മിഷൻ ഓഫീസിന് സമീപത്തുള്ള ഏതെങ്കിലുമൊരു സ്കൂളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കാനും തീരുമാനിച്ചു. ഇതനുസരിച്ച് പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അധികൃതരുമായി ജില്ലാ മിഷൻ അധികൃതർ ചർച്ച നടത്തി. പിടിഎ മീറ്റിങ് വിളിച്ചു കൂട്ടി ഇതേക്കുറിച്ച് സംസാരിച്ച ശേഷം സ്കൂൾ അധികൃതർ ഈ പദ്ധതിയുമായി സഹകരിക്കാൻ സമ്മതമറിയിച്ചു. പദ്ധതി എങ്ങനെ നടപ്പാക്കണമെന്നും തീരുമാനിച്ചു.

## തുടക്കം, പ്രവർത്തനം

2017 നവംബർ എട്ടിന് പട്ടം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. കെ. മുരളീധരൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

- കുട്ടികളുമായി ഇടപെടാൻ താത്പര്യമുള്ള ഒരു ടീച്ചർക്ക് സ്കൂളിൽ സ്നേഹിത ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിച്ചു. സ്കൂൾ അധികൃത രുമായി ചർച്ച നടത്തി അവരുടെ നിർദ്ദേശ പ്രകാരമാണ് ഈ അധ്യാപികയെ തെരഞ്ഞെടുത്തത്. എന്തെങ്കിലും പ്രശ്നം നേരിടുന്ന കുട്ടിക്ക് ഈ സ്കൂൾ കോർഡിനേറ്ററായ ഈ അധ്യാപികയെ സമീപിക്കാം.

- സ്നേഹിതയുടെ ഒരു ഉദ്യോഗസ്ഥയ്ക്കും കോർപ്പറേഷൻ പരിധിയുടെ ചുമതല യുള്ള കമ്മ്യൂണിറ്റി കൗൺസിലർക്കും ഈ ഹെൽപ്പ് ഡെസ്ക്കിന്റെ ചുമതല ഏൽപ്പിച്ചു.

- അധ്യാപികയോട് ചോദിച്ച് ഒരു ദിവസം തീരുമാനിച്ച് സ്നേഹിത ഉദ്യോഗസ്ഥ യും കമ്മ്യൂണിറ്റി കൗൺസിലറും സ്കൂളിൽ ആഴ്ചയിലൊരിക്കൽ എത്തും.

- സ്കൂളിൽ ഒരു സ്നേഹിത ഹെൽപ്പ് ഡെസ്ക്ക് ബോക്സ് സ്ഥാപിച്ചിട്ടുണ്ട്. അധ്യാപികയോട് പറയാനാകാത്ത പ്രശ്നം നേരിടുന്ന കുട്ടിക്ക് തന്റെ പ്രശ്നം വിവരിച്ച് ഒരു കുറിപ്പ് ഈ ബോക്സിൽ നിക്ഷേപിക്കാനാകും. ആഴ്ചയിലൊരി ക്കൽ ചുമതലയുള്ള അധ്യാപികയുടെയും സ്നേഹിത ഉദ്യോഗസ്ഥയുടെയും നേതൃത്വത്തിൽ ഈ ബോക്സ് തുറന്ന് പരിശോധിക്കുന്നു. ആവശ്യമുള്ള സഹാ യം കുട്ടിക്ക് നൽകും.

- കുട്ടികളുടെ പരാതിയുടെ സ്വഭാവം അനുസരിച്ചുള്ള പരിഹാരം നൽകും. കുട്ടിക്ക് കൗൺസിലിങ് ആവശ്യമെങ്കിൽ അത്, മാതാപിതാക്കൾക്കാണ് കൗൺസിലിങ് വേണ്ടതെങ്കിൽ അത് അല്ലെങ്കിൽ എന്തെങ്കിലും പരിഹാരം വേണ്ട പ്രശ്നമാണെങ്കിൽ അങ്ങനെ ഇങ്ങനെയുള്ള തുടർനടപടികളാകും സ്വീരിക്കുക.

- എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നതിന്റെ ഒരു രജിസ്ട്രറും സ്കൂളിൽ സൂക്ഷിക്കുന്നു.

- കൗൺസിലിങ്, ഓറിയെന്റേഷൻ ക്ലാസ്സുകൾ സ്കൂളിൽ നിരന്തരം നൽകുന്നു. ഇത് കൂടാതെ പരീക്ഷയ്ക്ക് മുന്നോടിയായി കുട്ടികളുടെ ഭയം അകറ്റുന്നതിനായി പ്രത്യേക കൗൺസിലിങ് സെഷനും നൽകി. ക്ലാസ്സുകൾ തിരിച്ചാണ് കൗൺസിലിങ് ക്ലാസ്സുകൾ നൽകുന്നത്. ഇതുവരെ ജനറൽ ഓറിയെന്റേഷൻ ക്ലാസ്സുകൾ മൂന്നെണ്ണം സ്കൂളിൽ നടത്തി. സ്നേഹിത ഉദ്യോഗസ്ഥരാണ് ക്ലാസ്സുകൾ നൽകുന്നത്.

**ഫണ്ട്**

ജില്ലാ ഇനീഷ്യയേറ്റീവ്, ജെൻഡർ പദ്ധതികൾക്കുള്ള ഫണ്ടിൽ നിന്നാണ് ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തുന്നത്. കമ്മ്യൂണിറ്റി കൗൺസിലർക്ക് 650 രൂപ ഒരു ദിവസത്തെ പ്രതിഫലമായി നൽകുന്നു.

**ഭാവി**

പത്ത് സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ സ്കൂളുകളുടെ അധികൃതർ കമ്മ്യൂണിറ്റി കൗൺസിലർമാരോട് ആവശ്യപ്പെട്ടതനുസരിച്ചാണിത്. മടത്തറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പാറശ്ശാല സാമുവേൽ എൽഎംഎസ് എച്ച്എസ്എസ്, പൊഴിയൂർ സെന്റ് മാത്യൂസ് എച്ച്എസ്എസ്, മിതൃമ്മല ഗവ. എച്ച്എസ്എസ്, അംബൂരി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, ഗവൺമെന്റ് മോഡൽ എച്ച്എസ്എസ് പുന്നമൂട്, വഴുതയ്ക്കാട് കോട്ടൺഹിൽ ഗവ.

എച്ച്എസ്എസ്എസ്, പേരൂർക്കട ഗവൺമെന്റ് ഗേൾസ് എച്ച്എസ്എസ്, ചിറയൻ കീഴ് ജിഎച്ച്എസ്എസ് കൂന്തല്ലൂർ, ശ്രീ നാരായണ ഹയർ സെക്കൻഡറി സ്കൂൾ ഉഴമലയ്ക്കൽ എന്നീ സ്കൂളുകളിലേക്കാണ് അടുത്ത അധ്യയന വർഷം സ്നേഹിത ഹെൽപ്പ് ഡെസ്ക്ക് പദ്ധതി നീട്ടുന്നത്.